खण्ड रजिस्ट्री सं० डि० एल० 33004/94 REGISTERED No. DL-33004/94

भारत का राजपत्र
THE GAZETTE OF INDIA
കേന്ദ്ര ഗസറ്റ്
असाधारण
EXTRAORDINARY
അസാധാരണം
भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I
प्राधिकार से प्रकाशित
Published by Authority
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | |
|---|---|---|---|---|---|---|
| सं 3204 | नई दिल्ली | गुरुवार | 31, दिसंबर 2020/ | 10, पौषं 1942 (शक) | खण्ड | 9 |
| No. 3204 | NEW DELHI | Thursday | 31, December 2020/ | 10, Pousha 1942 (Saka) | Vol. | 9 |
| നമ്പർ 3204 | ന്യൂഡൽഹി | വ്യാഴം | 31, ഡിസംബർ 2020/ | 10, പൌഷം 1942 (ശക) | വാല്യം | 9 |


## MINISTRY OF LAW AND JUSTICE

**(Legislative Department)**

*New Delhi, 15th October, 2019/23 Aswina, 1941 (Saka).*

The translation in Malayalam of The Clinical Establishments (Registration and Regulation) Act, 2010 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

2010-ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്റ്റർ ചെയ്യലും നിയന്ത്രണവും) ആക്റ്റ്-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. G NARAYANARAJU,
*Secretary to the Government of India.*

GCPT. 212/9013/2020/DTP.

# ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്റ്റർ ചെയ്യലും നിയന്ത്രണവും) ആക്റ്റ്, 2010

(2010-ലെ 23-ാം നമ്പർ ആക്റ്റ്)

രാജ്യത്തെ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ ചെയ്യലിനും നിയന്ത്രണത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക എന്ന ഭരണഘടനയുടെ 47-ാം അനുച്ഛേദത്തിലെ അനുശാസനം കൈവരിക്കത്തക്കവണ്ണം ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകാവുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ നിർണ്ണയിക്കുകയെന്ന ലക്ഷ്യത്തോടുകൂടി അവയുടെ രജിസ്റ്റർ ചെയ്യലിനും നിയന്ത്രണത്തിനും വ്യവസ്ഥ ചെയ്യുന്നത് സമീചീനമായി കരുതുന്നതിനാലും;

ഭരണഘടനയുടെ 249-ഉം 250-ഉം അനുച്ഛേദങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ മുൻപറഞ്ഞ ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് സംസ്ഥാനങ്ങൾക്കായി നിയമം ഉണ്ടാക്കുന്നതിന് പാർലമെന്റിന് അധികാരമില്ലാത്തതിനാലും;

ഭരണഘടനയുടെ 252-ാം അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡത്തിന് അനുസൃതമായി, അരുണാചൽ പ്രദേശ്, ഹിമാചൽ പ്രദേശ്, മിസ്സോറാം, സിക്കിം എന്നീ സംസ്ഥാനങ്ങളുടെ നിയമനിർമ്മാണ മണ്ഡലങ്ങളുടെ എല്ലാ സഭകളും ആ സംസ്ഥാനങ്ങളിൽ മുൻപറഞ്ഞ കാര്യങ്ങൾ പാർലമെന്റിനാൽ നിയമംവഴി നിയന്ത്രിക്കപ്പെടേണ്ടതാണെന്ന ഫലത്തിൽ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ളതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം—I

## പ്രാരംഭികം

ചുരുക്കപ്പേരും ബാധകതയും പ്രാരംഭവും.

1. (1) ഈ ആക്റ്റിന് ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്റ്റർ ചെയ്യലും നിയന്ത്രണവും) ആക്റ്റ്, 2010 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത്, ആദ്യഘട്ടത്തിൽ അരുണാചൽ പ്രദേശ്, ഹിമാചൽപ്രദേശ്, മിസ്സോറാം, സിക്കിം എന്നീ സംസ്ഥാനങ്ങളിൽ മുഴുവനും യൂണിയൻ പ്രദേശങ്ങളിലും ബാധകമാകുന്നതും; ഭരണഘടനയുടെ 252-ാം അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡപ്രകാരം ഇതിലേക്കായി പാസ്സാക്കിയ പ്രമേയംവഴി ഈ ആക്റ്റ് സ്വീകരിക്കുന്ന അങ്ങനെയുള്ള മറ്റ് സംസ്ഥാനത്തിലും ഇത് ബാധകമാകുന്നതുമാണ്.

(3) ഇത്, ഉടനടി അരുണാചൽ പ്രദേശ്, ഹിമാചൽപ്രദേശ്, മിസ്സോറാം, സിക്കിം എന്നീ സംസ്ഥാനങ്ങളിലും യൂണിയൻ പ്രദേശങ്ങളിൽ കേന്ദ്ര സർക്കാർ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള

തീയതിയിലും ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം ഈ ആക്റ്റ് സ്വീകരിക്കുന്ന മറ്റേതെങ്കിലും സംസ്ഥാനത്ത് അങ്ങനെയുള്ള സ്വീകരിക്കലിന്റെ തീയതിയിലും പ്രാബല്യത്തിൽ വരുന്നതും; ഏതെങ്കിലും സംസ്ഥാനവുമായോ യൂണിയൻ പ്രദേശവുമായോ ബന്ധപ്പെട്ട് ഈ ആക്റ്റിന്റെ പ്രാരംഭത്തെ സംബന്ധിക്കുന്ന ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശത്തിന് അങ്ങനെയുള്ള സംസ്ഥാനത്തോ യൂണിയൻ പ്രദേശത്തോ ഈ ആക്റ്റ് പ്രാബല്യത്തിൽവരുന്ന തീയതിയെന്ന് അർത്ഥമാകുന്നതുമാണ്:

എന്നാൽ വ്യത്യസ്ത വിഭാഗങ്ങളിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും വ്യത്യസ്ത അംഗീകൃത ചികിത്സാ സമ്പ്രദായങ്ങൾക്കും വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതാണ്.

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,— നിർവ്വചനങ്ങൾ.

(ക) "അതോറിറ്റി" എന്നാൽ 10-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റി എന്നർത്ഥമാകുന്നു;

(ഖ) "സർട്ടിഫിക്കറ്റ്" എന്നാൽ 30-ാം വകുപ്പ് പ്രകാരം നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

(ഗ) "ക്ലിനിക്കൽ സ്ഥാപനം" എന്നാൽ—

(i) ഏതെങ്കിലും ആളോ ഏകാംഗീകൃതമോ അല്ലാത്തതോ ആയ ആളുകളുടെ നികായമോ സ്ഥാപിച്ചതും നടത്തുന്നതും അല്ലെങ്കിൽ പരിപാലിക്കുന്നതുമായ, ഏതെങ്കിലും അംഗീകൃത ചികിത്സാ സമ്പ്രദായത്തിൽ സേവനങ്ങളോ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും അല്ലെങ്കിൽ രോഗത്തിനോ ക്ഷതിയ്ക്കോ വൈകല്യത്തിനോ വിലക്ഷണതയ്ക്കോ ഗർഭത്തിനോ ഉള്ള പരിരക്ഷയോ ആവശ്യപ്പെടുന്ന സൗകര്യങ്ങളോ ഓഫർ ചെയ്യുന്ന ഒരു ആശുപത്രി, മെറ്റേണിറ്റി ഹോം, നേഴ്സിംഗ് ഹോം, ഡിസ്പൻസറി, ക്ലിനിക്ക്, സാനട്ടോറിയം അല്ലെങ്കിൽ ഏതു പേരിനാൽ വിളിക്കപ്പെട്ടാലും ഒരു സ്ഥാപനം; അല്ലെങ്കിൽ

(ii) ഏതെങ്കിലും ആളോ ഏകാംഗീകൃതമോ അല്ലാത്തതോ ആയ ആളുകളുടെ നികായമോ സ്ഥാപിച്ചതും നടത്തുന്നതും അല്ലെങ്കിൽ പരിപാലിക്കുന്നതുമായ ലബോറട്ടറിയുടെ അല്ലെങ്കിൽ മറ്റു മെഡിക്കൽ ഉപകരണങ്ങളുടെ സഹായത്താൽ രോഗങ്ങളുടെ നിർണ്ണയവുമായോ ചികിത്സയുമായോ ബന്ധപ്പെട്ട പത്തോളജിക്കലോ ബാക്ടീരിയോളജിക്കലോ ജനറ്റിക്കോ റേഡിയോളജിക്കലോ കെമിക്കലോ ബയോളജിക്കലോ ആയ സൂക്ഷ്മ പരിശോധനകളും അല്ലെങ്കിൽ മറ്റു രോഗനിർണ്ണയപരമോ സൂക്ഷ്മപരിശോധനാപരമോ ആയ സേവനങ്ങളും സാധാരണയായി നടത്തുന്ന ഒരു സ്വതന്ത്രമായ എന്റിറ്റിയായോ (i)-ാം ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഒരു സ്ഥാപനത്തിന്റെ ഭാഗമായിട്ടോ സ്ഥാപിക്കപ്പെട്ട ഒരു സ്ഥലം,

എന്നർത്ഥമാകുന്നതും അതിൽ—

(ക) സർക്കാരിന്റെയോ സർക്കാരിന്റെ ഒരു വകുപ്പിന്റെയോ;

(ഖ) ഒരു പൊതുവായതോ സ്വകാര്യമായതോ ആയ ട്രസ്റ്റിന്റെയോ;

(ഗ) സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ അല്ലാത്തതോ ആയ ഒരു കേന്ദ്ര, പ്രവിശ്യ അല്ലെങ്കിൽ സംസ്ഥാന ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു കോർപ്പറേഷന്റെയോ (ഒരു സംഘം ഉൾപ്പെടെ);

(ഘ) ഒരു തദ്ദേശ അധികാരസ്ഥാനത്തിന്റെയോ;

(ങ) ഒരൊറ്റ ഡോക്ടറുടെയോ,

ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ഒരു ക്ലിനിക്കൽ സ്ഥാപനം ഉൾപ്പെടുന്നതും, എന്നാൽ സായുധസേനകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടാത്തതുമാകുന്നു.

1950-ലെ 45
1950-ലെ 46
1957-ലെ 62

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിനായി "സായുധ സേനകൾ" എന്നാൽ 1950-ലെ ആർമി ആക്റ്റും, 1950-ലെ എയർഫോഴ്സ് ആക്റ്റും 1957-ലെ നേവി ആക്റ്റും പ്രകാരം രൂപീകൃതമായിട്ടുള്ള സേനകൾ എന്നർത്ഥമാകുന്നു;

(ഘ) "അടിയന്തര മെഡിക്കൽ അവസ്ഥ" എന്നാൽ പെട്ടെന്നുള്ള മെഡിക്കൽ ശ്രദ്ധയുടെ അഭാവത്തിൽ—

(i) വ്യക്തിയുടെ ആരോഗ്യത്തെ അല്ലെങ്കിൽ ഗർഭിണിയായ ഒരു സ്ത്രീയെ സംബന്ധിച്ച് സ്ത്രീയുടെയോ അല്ലെങ്കിൽ അവളുടെ ജനിക്കാത്ത കുട്ടിയുടെയോ ആരോഗ്യത്തെ ഗുരുതരമായ അപകട സ്ഥിതിയിലാക്കുമെന്നോ;

(ii) ശാരീരികപ്രവർത്തനങ്ങൾക്ക് ഗുരുതരമായ ദോഷം വരുത്തുമെന്നോ;

(iii) ഏതെങ്കിലും അവയവമോ ഒരു ശരീരഭാഗമോ ഗുരുതരമായി തകരാറിലാകുകയോ ക്രമരഹിതമാകുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാക്കുമെന്നോ,

ന്യായമായി പ്രതീക്ഷിക്കപ്പെടാവുന്ന അങ്ങനെയുള്ള സ്വഭാവത്തിലുള്ള മതിയായ കാഠിന്യത്തിന്റെ (കഠിനമായ വേദന ഉൾപ്പെടെ) തീവ്രമായ ലക്ഷണങ്ങളാൽ സ്വയം പ്രകടിപ്പിക്കുന്ന ഒരു മെഡിക്കൽ അവസ്ഥ എന്നർത്ഥമാകുന്നു;

(ങ) "ദേശീയ കൗൺസിൽ" എന്നാൽ 3-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുള്ള ദേശീയ കൗൺസിൽ എന്നർത്ഥമാകുന്നു;

(ച) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഛ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ കേന്ദ്ര സർക്കാരോ, അതതു സംഗതിപോലെ, സംസ്ഥാന സർക്കാരോ, ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജ)"അംഗീകൃത ചികിത്സാ സമ്പ്രദായം" എന്നാൽ അലോപ്പതി, യോഗ, നാച്ചുറോപ്പതി, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ ചികിത്സാ സമ്പ്രദായങ്ങളും അല്ലെങ്കിൽ കേന്ദ്ര സർക്കാരിനാൽ അംഗീകരിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റേതെങ്കിലും ചികിത്സാ സമ്പ്രദായവും എന്നർത്ഥമാകുന്നു;

(ഝ) "രജിസ്റ്റർ" എന്നാൽ ഈ ആക്റ്റിന്റെ 37-ഉം 38-ഉം 39-ഉം വകുപ്പുകൾ പ്രകാരം യഥാക്രമം അതോറിറ്റിയും സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും വച്ചുപോരുന്ന രജിസ്റ്റർ ചെയ്ത ക്ലിനിക്കൽ സ്ഥാപനങ്ങളുടെ എണ്ണം അടങ്ങുന്ന രജിസ്റ്റർ എന്നർത്ഥമാകുന്നു;

(ഞ) "രജിസ്റ്റർ ചെയ്യൽ" എന്നാൽ 11-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യുക എന്നർത്ഥമാകുന്നതും രജിസ്റ്റർ ചെയ്യൽ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത എന്നീ പദപ്രയോഗങ്ങൾക്ക് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതുമാണ്;

(ട) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(ഠ) "പട്ടിക" എന്നാൽ ഈ ആക്റ്റിനോട് അനുബന്ധമായിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു;

(ഡ) "മാനദണ്ഡങ്ങൾ" എന്നാൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ ചെയ്യലിനുവേണ്ടി 12-ാം വകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന ഉപാധികൾ എന്നർത്ഥമാകുന്നു;

(ഢ) ഒരു യൂണിയൻ പ്രദേശവുമായി ബന്ധപ്പെട്ട്, "സംസ്ഥാന സർക്കാർ" എന്നാൽ ഭരണഘടനയുടെ 239-ാം അനുച്ഛേദപ്രകാരം നിയമിച്ച അതിന്റെ അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു;

(ണ) (ഘ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു അടിയന്തര മെഡിക്കൽ സാഹചര്യത്തെ സംബന്ധിച്ച്, "സ്ഥിരമാക്കുക (അതിന്റെ വ്യാകരണപരമായ വ്യത്യാസങ്ങളോടും സജാതീയപദങ്ങളോടും കൂടി)" എന്നാൽ ന്യായമായ മെഡിക്കൽ സാദ്ധ്യതയ്ക്കുള്ളിൽ, വ്യക്തിയെ ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽനിന്നും മാറ്റുന്ന വേളയിൽ അതിൽനിന്നും അവസ്ഥയുടെ യാതൊരു സാരമായ വഷളാകലും അനന്തരഫലമായി സംഭവിക്കുവാനോ ഉണ്ടാകുവാനോ സാദ്ധ്യതയില്ലായെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ അവസ്ഥയ്ക്കായി അങ്ങനെയുള്ള മെഡിക്കൽ ചികിത്സ നൽകുന്നത് എന്നർത്ഥമാകുന്നു.

## അദ്ധ്യായം—II

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ദേശീയ കൗൺസിൽ

3. (1) കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഇതിലേയ്ക്കായി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രഭാവത്തോടെ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ദേശീയ കൗൺസിൽ എന്ന് വിളിക്കപ്പെടേണ്ട ഒരു കൗൺസിൽ സ്ഥാപിക്കേണ്ടതാണ്. ദേശീയ കൗൺസിലിന്റെ സ്ഥാപനം.

(2) ദേശീയ കൗൺസിൽ—

(ക) ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസ്, ആരോഗ്യവും കുടുംബക്ഷേമവും മന്ത്രാലയം, എക്സ് ഓഫീഷ്യോ, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;

1948-ലെ 16 (ഖ) (i) 1948-ലെ ഡെന്റിസ്റ്റ് ആക്റ്റിന്റെ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ;

1956-ലെ 102 (ii) 1956-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം, രൂപീകരിച്ചിട്ടുള്ള മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ;

1947-ലെ 48 (iii) 1947-ലെ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള നഴ്സിംഗ് കൗൺസിൽ ഓഫ് ഇന്ത്യ;

1948-ലെ 8 (iv) 1948-ലെ ഫാർമസി കൗൺസിൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ, എന്നിവരാൽ തിരഞ്ഞെടുക്കപ്പെടേണ്ട ഒന്നു വീതം നാലു പ്രതിനിധികൾ;

1970-ലെ 48 (ഗ) 1970-ലെ ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ആയുർവേദ, സിദ്ധ, യുനാനി ചികിത്സാസമ്പ്രദായങ്ങളെ പ്രതിനിധീകരിക്കുന്ന സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിനാൽ തിരഞ്ഞെടുക്കപ്പെടേണ്ട മൂന്ന് പ്രതിനിധികൾ;

1973-ലെ 59 (ഘ) 1973-ലെ ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയാൽ തിരഞ്ഞെടുക്കപ്പെടേണ്ട ഒരു പ്രതിനിധി;

(ങ) ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സെൻട്രൽ കൗൺസിലിനാൽ തിരഞ്ഞെടുക്കപ്പെടേണ്ട ഒരു പ്രതിനിധി;

1986-ലെ 63 (ച) 1986-ലെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ ഒരു പ്രതിനിധി;

1956-ലെ 37 (ഛ) 1956-ലെ സ്റ്റേറ്റ്സ് റീഓർഗനൈസേഷൻ ആക്റ്റിന്റെ 15-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച സോണൽ കൗൺസിലിൽനിന്നും രണ്ട് പ്രതിനിധികൾ;

1971-ലെ 84 (ജ) 1971-ലെ നോർത്ത്-ഈസ്റ്റേൺ കൗൺസിൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച നോർത്ത്-ഈസ്റ്റേൺ കൗൺസിലിൽ നിന്നും രണ്ട് പ്രതിനിധികൾ;

(ഝ) (ഖ) ഖണ്ഡപ്രകാരം പ്രാതിനിധ്യം നൽകപ്പെട്ടിട്ടുള്ള സമ്പ്രദായങ്ങളൊഴികെയുള്ള പാരാമെഡിക്കൽ സമ്പ്രദായങ്ങളുടെ സരണിയിൽ നിന്നും ഒരു പ്രതിനിധി;

(ഞ) കേന്ദ്ര സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ദേശീയതല ഉപഭോക്തൃഗ്രൂപ്പിൽ നിന്നും രണ്ട് പ്രതിനിധികൾ;

(ട) കേന്ദ്ര സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആയുർവേദവും സിദ്ധയും യുനാനിയുമായി ബന്ധപ്പെട്ട ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ് അസോസിയേഷൻസിൽ നിന്നും ഒരു പ്രതിനിധി;

(ഠ) ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ സെക്രട്ടറി ജനറൽ, എക്സ്-ഒഫീഷ്യോ;

എന്നിവർ അടങ്ങിയതായിരിക്കേണ്ടതാണ്.

(3) ദേശീയ കൗൺസിലിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ മൂന്ന് വർഷത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്, എന്നാൽ പരമാവധി മൂന്ന് വർഷത്തെ ഒരു കാലാവധിക്കുകൂടി പുനർനാമനിർദ്ദേശത്തിന് അർഹരാണ്.

(4) ദേശീയ കൗൺസിലിന്റെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ മൂന്ന് വർഷത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്, എന്നാൽ വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹരാണ്:

എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട ആൾ, അതതുസംഗതിപോലെ, കൗൺസിലിലേക്ക് അയാളെ നാമനിർദ്ദേശം ചെയ്തിരിക്കുന്നത് അല്ലെങ്കിൽ തിരഞ്ഞെടുത്തിരിക്കുന്നത് ഏത് ഉദ്യോഗത്തിലേക്കുള്ള നിയമനത്തിന്റെ ബലത്താലാണോ, അത് അയാൾ വഹിക്കുന്നതുവരെയുള്ള അങ്ങനെയുള്ള കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(5) ദേശീയ കൗൺസിലിന്റെ അംഗങ്ങൾക്ക് കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബത്തകൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(6) ദേശീയ കൗൺസിലിന്, കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി, ഒരു ക്വാറം നിശ്ചയിക്കുന്നതിനും അതിന്റെ സ്വന്തം നടപടിക്രമം ക്രമീകരിക്കുന്നതിനും അതിനാൽ നടത്തപ്പെടേണ്ട എല്ലാ ബിസിനസ്സിന്റെ നടത്തിപ്പിനും ബൈലാകൾ ഉണ്ടാക്കാവുന്നതാണ്.

(7) ദേശീയ കൗൺസിൽ ഏറ്റവും കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(8) ദേശീയ കൗൺസിലിന് സബ്കമ്മിറ്റികൾ രൂപീകരിക്കാവുന്നതും അങ്ങനെയുള്ള സബ്കമ്മിറ്റിയിലേക്ക്, അത് യുക്തമെന്ന് കരുതുന്ന, ദേശീയ കൗൺസിലിൽ അംഗങ്ങളല്ലാത്ത ആളുകളെ രണ്ട് വർഷത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക് പ്രത്യേക കാര്യങ്ങളുടെ പരിഗണനയ്ക്കായി നിയമിക്കാവുന്നതാണ്.

(9) ദേശീയ കൗൺസിലിന്റെ ചുമതലകൾ അതിൽ ഏതെങ്കിലും ഒഴിവ് ഉണ്ട് എന്നിരുന്നാൽത്തന്നെയും നിർവ്വഹിക്കാവുന്നതാണ്.

(10) കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള വ്യക്തിയെ ദേശീയ കൗൺസിലിന്റെ സെക്രട്ടറിയാക്കുന്നതിനായി കേന്ദ്ര സർക്കാർ നിയമിക്കേണ്ടതും, കേന്ദ്ര സർക്കാരിന് ആവശ്യമായി അത് കരുതുന്ന അങ്ങനെയുള്ള മറ്റു സെക്രട്ടേറിയൽ സ്റ്റാഫിനെയും മറ്റു സ്റ്റാഫിനെയും ദേശീയ കൗൺസിലിന് നൽകാവുന്നതുമാണ്.

അംഗമായി നിയമിക്കുന്നതിനുള്ള അയോഗ്യതകൾ.

4. ഒരാൾ ദേശീയ കൗൺസിലിന്റെ ഒരു അംഗമായി നിയമിക്കപ്പെടുന്നതിന് അയാൾ,—

(ക) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, സാന്മാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ; അഥവാ

(ഖ) ഒരു അവിമുക്ത നിർദ്ധനനാണെങ്കിൽ; അഥവാ

(ഗ) ചിത്തഭ്രമമുള്ളതും ക്ഷമതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെട്ടതായി നിലകൊള്ളുകയും ചെയ്യുകയാണെങ്കിൽ; അഥവാ

(ഘ) സർക്കാരിന്റെയോ സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷന്റെയോ സേവനത്തിൽനിന്നും നീക്കം ചെയ്യപ്പെട്ടതോ പിരിച്ചുവിടപ്പെട്ടതോ ആണെങ്കിൽ; അഥവാ

(ങ) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, ഒരു അംഗമായുള്ള അയാളുടെ ചുമതലകൾ അയാൾ നിർവ്വഹിക്കുന്നതിനെ ദോഷകരമായി ബാധിക്കുവാനിടയുള്ള അങ്ങനെയുള്ള ധനപരമായ താല്പര്യമോ മറ്റു താല്പര്യമോ അയാൾക്ക് കൗൺസിലിൽ ഉണ്ടെങ്കിൽ,

അയോഗ്യനാക്കപ്പെടുന്നതാണ്.

ദേശീയ കൗൺസിലിന്റെ ചുമതലകൾ.

5. ദേശീയ കൗൺസിൽ—

(ക) ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷങ്ങൾക്കകം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഒരു ദേശീയ രജിസ്റ്റർ സമാഹരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്;

(ഖ) വിവിധ വിഭാഗങ്ങളിലായി ക്ലിനിക്കൽ സ്ഥാപനങ്ങളെ തരം തിരിക്കേണ്ടതാണ്;

(ഗ) ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ വികസിപ്പിക്കുകയും അവയുടെ ആനുകാലിക പുനരവലോകനം നടത്തുകയും ചെയ്യേണ്ടതാണ്;

(ഘ) ക്ലിനിക്കൽ സ്ഥാപനങ്ങളാൽ ശരിയായ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി അവയുടെ സ്ഥാപിക്കലിന് രണ്ടു വർഷക്കാലയളവിനുള്ളിൽ മാനദണ്ഡങ്ങളുടെ ആദ്യഗണം തീരുമാനിക്കേണ്ടതാണ്;

(ങ) ക്ലിനിക്കൽ സ്ഥാപനങ്ങളെസംബന്ധിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ശേഖരിക്കേണ്ടതാണ്;

(ച) കേന്ദ്ര സർക്കാരിനാൽ കാലാകാലങ്ങളിൽ തീരുമാനിക്കപ്പെടുന്ന മറ്റേതെങ്കിലും ചുമതല നിർവ്വഹിക്കേണ്ടതാണ്;

6. ദേശീയ കൗൺസിലിന് ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ ഏത് ആളുടെയോ നികായത്തിന്റെയോ സഹായമോ ഉപദേശമോ ആണ് അത് ആഗ്രഹിക്കാവുന്നത്, അവയുമായി അതിന് സ്വയം കൂട്ടുചേരാവുന്നതാണ്. ഉപദേശമോ സഹായമോ തേടുന്നതിനുള്ള അധികാരം.

7. നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമങ്ങൾക്ക് അനുസൃതമായി ക്ലിനിക്കൽ സ്ഥാപനങ്ങളുടെ മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനും തരം തിരിക്കലിനും ദേശീയ കൗൺസിൽ ഒരു കൂടിയാലോചനാപരമായ പ്രക്രിയ പിൻതുടരേണ്ടതാണ്. ദേശീയ കൗൺസിൽ കൂടിയാലോചനാപരമായ പ്രക്രിയ പിൻതുടരണമെന്ന്.

## അദ്ധ്യായം—III

## ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്റ്റർ ചെയ്യലും നിലവാരങ്ങളും

8. (1) ഓരോ സംസ്ഥാന സർക്കാരും വിജ്ഞാപനംവഴി ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുള്ള ഒരു സംസ്ഥാന കൗൺസിലോ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുള്ള യൂണിയൻ പ്രദേശ കൗൺസിലോ, അതതു സംഗതിപോലെ, രൂപീകരിക്കേണ്ടതാണ്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന കൗൺസിൽ.

(2) സംസ്ഥാന കൗൺസിലോ യൂണിയൻ പ്രദേശ കൗൺസിലോ, അതതുസംഗതിപോലെ, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) സെക്രട്ടറി, ആരോഗ്യം—എക്സ് ഒഫീഷ്യോ, അദ്ദേഹം ചെയർമാനായിരിക്കുന്നതാണ്;

(ഖ) ഹെൽത്ത് സർവ്വീസസ് ഡയറക്ടർ—എക്സ് ഒഫിഷ്യോ, മെമ്പർ സെക്രട്ടറി;

(ഗ) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റെ വിവിധ ശാഖകളുടെ ഡയറക്ടർമാർ—എക്സ് ഒഫീഷ്യോ മെമ്പർമാർ;

(ഘ) (i) സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ

(ii) സ്റ്റേറ്റ് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ

(iii) സ്റ്റേറ്റ് നഴ്സിംഗ് കൗൺസിൽ ഓഫ് ഇന്ത്യ

(iv) സ്റ്റേറ്റ് ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ

എന്നിവയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാൽ തിരഞ്ഞെടുക്കപ്പെടേണ്ട ഒരു പ്രതിനിധി വീതം;

(ങ) ആയുർവേദ, സിദ്ധ, യുനാനി ചികിത്സാ സമ്പ്രദായങ്ങളെ പ്രതിനിധീകരിക്കുന്ന ഇന്ത്യൻ മെഡിസിന്റെ, സംസ്ഥാന കൗൺസിലിന്റെയോ യൂണിയൻപ്രദേശ കൗൺസിലിന്റെയോ എക്സിക്യൂട്ടീവിനാൽ, അതതുസംഗതിപോലെ, തിരഞ്ഞെടുക്കപ്പെടേണ്ട മൂന്ന് പ്രതിനിധികൾ;

(ച) ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സംസ്ഥാന കൗൺസിലിനാൽ തിരഞ്ഞെടുക്കപ്പെടേണ്ട ഒരു പ്രതിനിധി;

(ഛ) പാരാമെഡിക്കൽ സമ്പ്രദായങ്ങളുടെ സരണിയിൽനിന്നും ഒരു പ്രതിനിധി;

(ജ) സംസ്ഥാനതലത്തിലുള്ള ഉപഭോക്തൃ ഗ്രൂപ്പുകളിൽനിന്നോ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളിൽ നിന്നോ രണ്ട് പ്രതിനിധികൾ.

(3) സംസ്ഥാന കൗൺസിലിന്റെയോ യൂണിയൻപ്രദേശ കൗൺസിലിന്റെയോ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം, മൂന്ന് വർഷങ്ങളുടെ ഒരു കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്, എന്നാൽ പരമാവധി മൂന്ന് വർഷങ്ങളുടെ ഒരു കാലാവധിക്കുകൂടി പുനർനാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(4) സംസ്ഥാന് കൗൺസിലിന്റെയോ യൂണിയൻപ്രദേശ കൗൺസിലിന്റെയോ, അതതുസംഗതിപോലെ, തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, മൂന്ന് വർഷത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്, എന്നാൽ വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹരാണ്:

എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട ആൾ, അതതുസംഗതിപോലെ, അയാളെ സംസ്ഥാന കൗൺസിലിലേക്കോ, യൂണിയൻ പ്രദേശ കൗൺസിലിലേക്കോ, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്തിരിക്കുന്നത് അല്ലെങ്കിൽ തിരഞ്ഞെടുത്തിരിക്കുന്നത് ഏത് ഉദ്യോഗത്തിലേക്കുള്ള നിയമനത്തിന്റെ ബലത്താലാണോ, അത് അയാൾ വഹിക്കുന്ന അങ്ങനെയുള്ള കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(5) സംസ്ഥാന കൗൺസിൽ അല്ലെങ്കിൽ യൂണിയൻപ്രദേശ കൗൺസിൽ താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) ക്ലിനിക്കൽ സ്ഥാപനത്തിന്റെ സംസ്ഥാന രജിസ്റ്ററുകൾ സമാഹരിക്കുകയും പരിഷ്കരിക്കുകയും ചെയ്യുക;

(ഖ) ദേശീയ രജിസ്റ്റർ പരിഷ്കരിക്കുന്നതിനുവേണ്ടി പ്രതിമാസ റിട്ടേണുകൾ അയയ്ക്കുക;

(ഗ) ദേശീയ കൗൺസിലിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുക;

(ഘ) അതോറിറ്റിയുടെ ഉത്തരവുകൾക്കെതിരെയുള്ള അപ്പീലുകൾ കേൾക്കുക;

(ങ) അവരുടെ യഥാക്രമമുള്ള സംസ്ഥാനങ്ങൾക്കുള്ളിൽ മാനദണ്ഡങ്ങളുടെ നടപ്പാക്കലിന്റെ അവസ്ഥയിൻമേലുള്ള വാർഷികാടിസ്ഥാനത്തിലുള്ള ഒരു റിപ്പോർട്ടിന്റെ പ്രസിദ്ധീകരണം.

ദേശീയ കൗൺസിലിന് വിവരം നൽകുന്നത്.

9. സംസ്ഥാനത്തെ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്റർ സമാഹരിക്കുന്നതും പരിഷ്കരിക്കുന്നതും ദേശീയ രജിസ്റ്റർ പരിഷ്കരിക്കുന്നതിനുവേണ്ടി ഡിജിറ്റൽ രൂപത്തിൽ പ്രതിമാസ റിട്ടേണുകൾ തുടർന്ന് അയയ്ക്കുന്നതും ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന കൗൺസിലിന്റെ ചുമതലയായിരിക്കുന്നതാണ്.

10. (1) സംസ്ഥാന സർക്കാർ, വിജ്ഞാപനംവഴി, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ ചെയ്യലിനായി ഓരോ ജില്ലയ്ക്കുംവേണ്ടി താഴെപ്പറയുന്ന അംഗങ്ങളോടുകൂടിയ ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റി എന്ന് വിളിക്കപ്പെടേണ്ട ഒരു അധികാരസ്ഥാനം സ്ഥാപിക്കേണ്ടതാണ്, അതായത്:— രജിസ്റ്റർ ചെയ്യലിനുള്ള അതോറിറ്റി.

(ക) ജില്ലാ കളക്ടർ—ചെയർപേഴ്സൺ;

(ഖ) ജില്ലാ ഹെൽത്ത് ഓഫീസർ—കൺവീനർ;

(ഗ) കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതകളോടുകൂടിയതും അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലുമുള്ള മൂന്ന് അംഗങ്ങൾ.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 14-ാം വകുപ്പ് പ്രകാരമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷന്റെ ആവശ്യങ്ങൾക്കായി, നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമമനുസരിച്ച് ജില്ലാ ഹെൽത്ത് ഓഫീസറോ ചീഫ് മെഡിക്കൽ ഓഫീസറോ (എന്ത് പേരിനാൽ വിളിക്കപ്പെട്ടാലും) അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

11. ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കനുസൃതമായി യഥാവിധി ഒരു ക്ലിനിക്കൽ സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടില്ലാത്തപക്ഷം യാതൊരാളും അത് നടത്തുവാൻ പാടുള്ളതല്ല. ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്റ്റർ ചെയ്യൽ.

12. (1) രജിസ്റ്റർ ചെയ്യലിനും തുടർന്നുള്ള പ്രവൃത്തിക്കും വേണ്ടി, ഓരോ ക്ലിനിക്കൽ സ്ഥാപനവും താഴെപ്പറയുന്ന ഉപാധികൾ നിറവേറ്റേണ്ടതാണ്, അതായത്:— രജിസ്റ്റർ ചെയ്യലിനുള്ള ഉപാധി.

(i) സൗകര്യങ്ങളുടെയും സേവനങ്ങളുടെയും നിർണ്ണയിക്കപ്പെടാവുന്ന ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ;

(ii) ജോലിക്കാരുടെ നിർണ്ണയിക്കപ്പെടാവുന്ന ഏറ്റവും കുറഞ്ഞ ആവശ്യകത;

(iii) രേഖകളുടെ വച്ചുപോരലിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾ;

(iv) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ഉപാധികൾ.

(2) ക്ലിനിക്കൽ സ്ഥാപനം, ലഭ്യമായ സ്റ്റാഫിനും സൗകര്യങ്ങൾക്കുമുള്ളിൽ, അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തിലേക്ക് വരുന്നതോ കൊണ്ടുവരുന്നതോ ആയ ഏതെങ്കിലും വ്യക്തിയുടെ അടിയന്തര മെഡിക്കൽ അവസ്ഥ സ്ഥിരമാക്കുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മെഡിക്കൽ പരിശോധനയും ചികിത്സയും നൽകുമെന്ന് ഉറപ്പുനൽകേണ്ടതാണ്.

13. (1) കേന്ദ്ര സർക്കാരിനാൽ കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വിവിധ സമ്പ്രദായങ്ങളിലെ ക്ലിനിക്കൽ സ്ഥാപനങ്ങളെ അങ്ങനെയുള്ള വിഭാഗങ്ങളിലായി തരം തിരിക്കേണ്ടതാണ്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ തരം തിരിക്കൽ.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവിധ വിഭാഗങ്ങളുടെ തരംതിരിക്കലിന് വിവിധ മാനദണ്ഡങ്ങൾ നിർണ്ണയിക്കാവുന്നതാണ്:

എന്നാൽ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിന്, കേന്ദ്ര സർക്കാർ പ്രാദേശിക അവസ്ഥകൾ പരിഗണനയിലെടുക്കേണ്ടതാണ്.

## അദ്ധ്യായം—IV

## രജിസ്റ്റർ ചെയ്യലിനുള്ള നടപടിക്രമം

താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ.

14. (1) 10-ാം വകുപ്പുപ്രകാരം ക്ലിനിക്കൽ സ്ഥാപനത്തിന്റെ രജിസ്റ്റർ ചെയ്യലിന്റെ ആവശ്യങ്ങൾക്കായി, നിർണ്ണയിക്കപ്പെട്ട മാതൃകയിലുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെട്ട ഫീസിനോടൊപ്പം അതോറിറ്റിക്ക് നൽകേണ്ടതാണ്.

(2) അപേക്ഷ നേരിട്ടോ തപാൽ വഴിയോ ഓൺലൈനായോ ഫയൽ ചെയ്യേണ്ടതാണ്.

(3) ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിശദാംശങ്ങൾ സഹിതവും അപേക്ഷ നൽകേണ്ടതാണ്.

(4) ഈ ആക്റ്റിന്റെ പ്രാരംഭ സമയത്ത് ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം നിലവിലുണ്ടെങ്കിൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ഒരു വർഷത്തിനകം അതിന്റെ രജിസ്റ്റർ ചെയ്യലിനുവേണ്ടി ഒരു അപേക്ഷ നൽകേണ്ടതും ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിലവിൽവരുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം, അതിന്റെ സ്ഥാപിക്കലിന്റെ തീയതി മുതൽ ആറ് മാസക്കാലയളവിനുള്ളിൽ സ്ഥിരം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ടതുമാണ്.

(5) ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം, അങ്ങനെയുള്ള സ്ഥാപനങ്ങളുടെ രജിസ്റ്റർ ചെയ്യൽ ആവശ്യപ്പെടുന്ന നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരം നേരത്തെ തന്നെ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരം രജിസ്റ്റർ ചെയ്യലിനുവേണ്ടി അപേക്ഷിക്കേണ്ടതാണ്.

താൽക്കാലിക സർട്ടിഫിക്കറ്റ്.

15. അതോറിറ്റി, അങ്ങനെയുള്ള അപേക്ഷ സ്വീകരിച്ച തീയതി മുതൽ പത്ത് ദിവസത്തെ ഒരു കാലയളവിനുള്ളിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിശദാംശങ്ങളും അങ്ങനെയുള്ള വിവരവും അടങ്ങുന്ന ഒരു താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകേണ്ടതാണ്.

താൽക്കാലിക രജിസ്ട്രേഷനുമുൻപ് അന്വേഷണം ആവശ്യമില്ലെന്ന്.

16. (1) താൽക്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നതിന് മുൻപ് അതോറിറ്റി ഏതെങ്കിലും അന്വേഷണം നടത്തുവാൻ പാടുള്ളതല്ല.

(2) താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയിരുന്നാൽ തന്നെയും, അതോറിറ്റി, താൽക്കാലിക രജിസ്ട്രേഷൻ നൽകിയതുമുതൽ നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കകമുള്ള ഒരു കാലയളവിനുള്ളിൽ, അപ്രകാരം താൽക്കാലികമായി രജിസ്റ്റർചെയ്ത ക്ലിനിക്കൽ സ്ഥാപനത്തിന്റെ എല്ലാ വിശദാംശങ്ങളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ പ്രസിദ്ധീകരിക്കുവാൻ ഇടയാക്കേണ്ടതാണ്.

17. 23-ാം വകുപ്പിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, ഓരോ താൽക്കാലിക രജിസ്ട്രേഷനും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയ തീയതി മുതൽ പന്ത്രണ്ടാമത്തെ മാസത്തിലെ അവസാനത്തെ ദിവസംവരെ സാധുതയുണ്ടായിരിക്കുന്നതും അങ്ങനെയുള്ള രജിസ്ട്രേഷൻ പുതുക്കാവുന്നതുമാണ്. താൽക്കാലിക രജിസ്ട്രേഷന്റെ സാധുത.

18. ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്ത് അങ്ങനെയുള്ള സ്ഥാപനം സന്ദർശിക്കുന്ന എല്ലാവർക്കും കാണത്തക്കവണ്ണം അങ്ങനെയുള്ള രീതിയിൽ സർട്ടിഫിക്കറ്റ് പതിച്ച് സൂക്ഷിക്കേണ്ടതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പ്രദർശനം.

19. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടിരിക്കുകയോ നശിപ്പിക്കപ്പെട്ടിരിക്കുകയോ വികൃതമാക്കപ്പെട്ടിരിക്കുകയോ കേടുവന്നിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ, ക്ലിനിക്കൽ സ്ഥാപനത്തിന്റെ അപേക്ഷയിൻമേലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് അടയ്ക്കുന്നതിൻമേലും അതോറിറ്റി ഒരു ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്.

20. (1) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യപ്പെടാവുന്നതല്ലെന്ന്.

(2) ഉടമസ്ഥതയിലോ മാനേജ്മെന്റിലോ മാറ്റം സംഭവിക്കുന്നപക്ഷം, അങ്ങനെയുള്ള മാറ്റം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അതോറിറ്റിയെ ക്ലിനിക്കൽ സ്ഥാപനം അറിയിക്കേണ്ടതാണ്.

(3) വിഭാഗത്തിന്റെയോ സ്ഥാനത്തിന്റെയോ മാറ്റം സംഭവിക്കുന്ന പക്ഷം അല്ലെങ്കിൽ ഒരു ക്ലിനിക്കൽ സ്ഥാപനമായിട്ടുള്ള പ്രവർത്തനം അവസാനിക്കുന്നതിൻമേൽ, അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തെ സംബന്ധിക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അതോറിറ്റിയെ മടക്കി ഏൽപ്പിക്കേണ്ടതും ക്ലിനിക്കൽ സ്ഥാപനം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി പുതുതായി അപേക്ഷിക്കേണ്ടതുമാണ്.

21. നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും രജിസ്ട്രേഷൻ അവസാനിച്ചിട്ടുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പേരുകൾ പ്രസിദ്ധീകരിക്കപ്പെടുന്നതിന് ഇടയാക്കേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്നതിൻമേൽ പ്രസിദ്ധീകരണം.

22. താൽക്കാലിക സർട്ടിഫിക്കറ്റിന്റെ സാധുത അവസാനിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുൻപ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതും താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാധുത അവസാനിച്ചതിനുശേഷം പുതുക്കൽ അപേക്ഷ നൽകിയിട്ടുള്ള സംഗതിയിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വർദ്ധിപ്പിച്ച ഫീസ് അടയ്ക്കുന്നതിൻമേൽ അതോറിറ്റി രജിസ്ട്രേഷന്റെ പുതുക്കൽ അനുവദിക്കേണ്ടതുമാണ്. രജിസ്ട്രേഷൻ പുതുക്കൽ.

23. ക്ലിനിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ച മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളിടത്ത്, താൽക്കാലിക രജിസ്ട്രേഷൻ,— താൽക്കാലിക രജിസ്ട്രേഷനുള്ള സമയപരിധി.

(i) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുൻപ് നിലവിൽ വന്നിട്ടുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംഗതിയിൽ മാനദണ്ഡങ്ങളുടെ വിജ്ഞാപനത്തിന്റെ തീയതി മുതൽ രണ്ടു വർഷക്കാലയളവിനപ്പുറവും;

(ii) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷവും എന്നാൽ മാനദണ്ഡങ്ങളുടെ വിജ്ഞാപനത്തിനു മുൻപും നിലവിൽ വരുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് മാനദണ്ഡങ്ങളുടെ വിജ്ഞാപനത്തിന്റെ തീയതി മുതൽ രണ്ടു വർഷക്കാലയളവിനപ്പുറവും;

(iii) മാനദണ്ഡങ്ങൾ വിജ്ഞാപനം ചെയ്തതിനുശേഷം നിലവിൽ വന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് മാനദണ്ഡങ്ങളുടെ വിജ്ഞാപനത്തിന്റെ തീയതി മുതൽ ആറ് മാസക്കാലയളവിനപ്പുറവും,

നൽകുന്നതിനോ പുതുക്കുന്നതിനോ പാടുള്ളതല്ല.

സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ.

24. ഒരു ക്ലിനിക്കൽ സ്ഥാപനത്താലുള്ള സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസ് സഹിതവും അതോറിറ്റിക്ക് നൽകേണ്ടതാണ്.

അപേക്ഷയുടെ പരിശോധന.

25. നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ പാലിക്കപ്പെട്ടിട്ടുണ്ടെന്നതിന് തെളിവ് ക്ലിനിക്കൽ സ്ഥാപനം സമർപ്പിക്കേണ്ടതാണ്.

ആക്ഷേപങ്ങൾ ഫയൽ ചെയ്യുന്നതിനായുള്ള വിവരത്തിന്റെ പ്രദർശനം.

26. നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്നതിന് ആവശ്യമായ തെളിവ് ക്ലിനിക്കൽ സ്ഥാപനം സമർപ്പിച്ച് കഴിയുന്നത്ര വേഗത്തിൽ, പൊതുജനത്തിന്റെ അറിവിലേക്കും ആക്ഷേപങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ ഫയൽ ചെയ്യുന്നതിനുമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്നതിനായി ക്ലിനിക്കൽ സ്ഥാപനം സമർപ്പിച്ചിട്ടുള്ള എല്ലാ തെളിവുകളും സ്ഥിരം രജിസ്ട്രേഷൻ അനുവദിക്കുന്നതിനായി പ്രോസസ്സ് ചെയ്യുന്നതിനുമുൻപ് മുപ്പത് ദിവസക്കാലയളവിലേക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ പ്രദർശിപ്പിക്കപ്പെടുന്നതിന് അതോറിറ്റി ഇടയാക്കേണ്ടതാണ്.

ആക്ഷേപങ്ങളുടെ അറിയിക്കൽ.

27. തൊട്ടുമുൻപുള്ള വകുപ്പിൽ പരാമർശിക്കപ്പെട്ട കാലയളവിനുള്ളിൽ ആക്ഷേപങ്ങൾ ലഭിക്കുകയാണെങ്കിൽ, അങ്ങനെയുള്ള ആക്ഷേപങ്ങൾ നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കകം പ്രതികരണത്തിനായി ക്ലിനിക്കൽ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്.

സ്ഥിരം രജിസ്ട്രേഷനുള്ള മാനദണ്ഡങ്ങൾ.

28. രജിസ്ട്രേഷനുവേണ്ടി കേന്ദ്ര സർക്കാർ നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിറവേറ്റുമ്പോൾ മാത്രമേ ഒരു ക്ലിനിക്കൽ സ്ഥാപനത്തിന് സ്ഥിരം രജിസ്ട്രേഷൻ അനുവദിക്കുവാൻ പാടുള്ളു.

രജിസ്ട്രേഷൻ അനുവദിക്കലോ അനുവദിക്കാതിരിക്കലോ.

29. നിർണ്ണയിക്കപ്പെട്ട കാലയളവ് അവസാനിച്ചശേഷം ഉടനെതന്നെയും അതിനുശേഷം അടുത്ത മുപ്പത് ദിവസങ്ങൾക്കകവും ഒന്നുകിൽ—

(ക) സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ അനുവദിച്ചുകൊണ്ടോ; അല്ലെങ്കിൽ

(ഖ) അപേക്ഷ അനുവദിക്കാതെയോ,

അതോറിറ്റി ഒരു ഉത്തരവ് പാസ്സാക്കേണ്ടതാണ്:

എന്നാൽ സ്ഥിരം രജിസ്ട്രേഷനുള്ള ഒരു അപേക്ഷ അതോറിറ്റി അനുവദിക്കാതിരിക്കുകയാണെങ്കിൽ അതിനുള്ള കാരണങ്ങൾ അത് രേഖപ്പെടുത്തേണ്ടതാണ്.

30. (1) അതോറിറ്റി, ക്ലിനിക്കൽ സ്ഥാപനത്തിന്റെ ഒരു അപേക്ഷ അത് അനുവദിക്കുകയാണെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങുന്നതുമായ സ്ഥിരം രജിസ്ട്രേഷന്റെ ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. സ്ഥിരം രജിസ്ട്രേഷന്റെ സർട്ടിഫിക്കറ്റ്.

(2) നൽകിയ തീയതി മുതൽ അഞ്ച് വർഷത്തെ ഒരു കാലയളവിലേക്ക് സർട്ടിഫിക്കറ്റിന് സാധുതയുണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി 18, 19, 20, 21 എന്നീ വകുപ്പുകളുടെ വ്യവസ്ഥകൾ കൂടി ബാധകമാകുന്നതാണ്.

(4) സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷകൾ സ്ഥിരം രജിസ്ട്രേഷന്റെ സർട്ടിഫിക്കറ്റിന്റെ സാധുത അവസാനിക്കുന്നതിന് മുൻപ് ആറ് മാസങ്ങൾക്കകം കൊടുക്കേണ്ടതും, നിർദ്ദിഷ്ട കാലയളവിനുള്ളിൽ പുതുക്കൽ അപേക്ഷ സമർപ്പിക്കാത്ത സംഗതിയിൽ അതോറിറ്റിക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വർദ്ധിപ്പിച്ച ഫീസും പിഴയും നൽകുന്നതിന്മേൽ രജിസ്ട്രേഷന്റെ പുതുക്കൽ അനുവദിക്കാവുന്നതുമാണ്.

31. സ്ഥിരം രജിസ്ട്രേഷനുള്ള ഒരു അപേക്ഷയുടെ അനുവദിക്കാതിരിക്കൽ, ഒരു ക്ലിനിക്കൽ സ്ഥാപനത്തെ 24-ാം വകുപ്പ് പ്രകാരവും മുൻ അപേക്ഷ അനുവദിക്കാതിരുന്നതിന് കാരണമായ അപര്യാപ്തതകൾ പരിഹരിച്ചതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള തെളിവുകൾ നൽകിയതിന് ശേഷവും വീണ്ടും സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കുന്നതിൽ നിന്നും തടയുന്നതല്ലാത്തതാണ്. സ്ഥിരം രജിസ്ട്രേഷനു വേണ്ടിയുള്ള പുതിയ അപേക്ഷ.

32. (1) ക്ലിനിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതിന് ശേഷം ഏത് സമയത്തും, അതോറിറ്റിക്ക്,— രജിസ്ട്രേഷന്റെ റദ്ദാക്കൽ.

(ക) രജിസ്ട്രേഷന്റെ ഉപാധികൾ പാലിക്കപ്പെടുന്നില്ലെന്നോ;

(ഖ) ക്ലിനിക്കൽ സ്ഥാപനത്തിന്റെ നടത്തിപ്പ് ഏൽപ്പിച്ചിട്ടുള്ള ആളെ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്തിരിക്കുന്നെന്നോ,

ബോദ്ധ്യപ്പെടുകയാണെങ്കിൽ, നോട്ടീസിൽ പരാമർശിക്കപ്പെടേണ്ട കാരണങ്ങളാൽ അതിന്റെ രജിസ്ട്രേഷൻ എന്തുകൊണ്ട് ഈ ആക്റ്റ് പ്രകാരം റദ്ദുചെയ്യപ്പെടാതിരിക്കണമെന്നതിനുള്ള കാരണം മൂന്നുമാസങ്ങൾക്കകം കാണിക്കണമെന്നുള്ള ഒരു നോട്ടീസ് ക്ലിനിക്കൽ സ്ഥാപനത്തിന് നൽകാവുന്നതാണ്.

(2) ക്ലിനിക്കൽ സ്ഥാപനത്തിന് ന്യായമായ ഒരു അവസരം നൽകിയതിനുശേഷം, ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥകളുടെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളുടെയോ ഒരു ലംഘനം ഉണ്ടായെന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, അതിന് ഒരു ഉത്തരവ്വഴി, അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തിനെതിരെ അത് എടുക്കാവുന്ന മറ്റേതെങ്കിലും നടപടിക്ക് ഭംഗംവരാതെ, അതിന്റെ രജിസ്ട്രേഷൻ റദ്ദാക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പാസ്സാക്കിയ ഓരോ ഉത്തരവും,—

(ക) അങ്ങനെയുള്ള ഉത്തരവിനെതിരായി യാതൊരു അപ്പീലും ബോധിപ്പിക്കപ്പെട്ടിട്ടില്ലാത്തിടത്ത് അങ്ങനെയുള്ള അപ്പീലിന് നിർണ്ണയിച്ചിട്ടുള്ള കാലയളവ് അവസാനിക്കുന്നതിന്മേൽ ഉടനെയും;

(ഖ) അങ്ങനെയുള്ള അപ്പീൽ ബോധിപ്പിക്കുകയും അത് തള്ളുകയും ചെയ്തിരിക്കുന്നിടത്ത് അങ്ങനെ തള്ളിയ ഉത്തരവിന്റെ തീയതി മുതലും, പ്രാബല്യത്തിൽ വരുന്നതാണ്:

എന്നാൽ അതോറിറ്റിക്ക് ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദാക്കിയശേഷം രോഗികളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും ആസന്നമായ അപകടമുണ്ടെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തെ തുടർന്നു പ്രവർത്തിക്കുന്നതിൽ നിന്നും ഉടൻതന്നെ തടയാവുന്നതാണ്.

രജിസ്റ്റർ ചെയ്ത ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധന.

33. (1) അതോറിറ്റിക്കോ അതിനാൽ പ്രാധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ ഏതെങ്കിലും രജിസ്റ്റർ ചെയ്ത ക്ലിനിക്കൽ സ്ഥാപനത്തെയും അതിന്റെ കെട്ടിടത്തെയും ലബോറട്ടറികളെയും ഉപകരണത്തെയും കൂടാതെ ക്ലിനിക്കൽ സ്ഥാപനം നടത്തിയതോ ചെയ്തതോ ആയ പ്രവൃത്തിയെയും സംബന്ധിച്ച് അത് നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഒരു ബഹു-അംഗ അന്വേഷണ സംഘത്താൽ ഒരു പരിശോധനയ്ക്കിടയാക്കുന്നതിനോ അന്വേഷണം നടത്തപ്പെടുന്നതിനോ, കൂടാതെ ക്ലിനിക്കൽ സ്ഥാപനവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യത്തെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തപ്പെടുന്നതിന് ഇടയാക്കുന്നതിനോ അവകാശമുണ്ടായിരിക്കുന്നതും ആ സ്ഥാപനത്തിന് അവിടെ പ്രതിനിധീകരിക്കപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(2) അങ്ങനെയുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലത്തെ സംബന്ധിക്കുന്ന അതോറിറ്റിയുടെ അഭിപ്രായങ്ങൾ അതോറിറ്റി ക്ലിനിക്കൽ സ്ഥാപനത്തെ അറിയിക്കേണ്ടതും അതിൻമേലുള്ള ക്ലിനിക്കൽ സ്ഥാപനത്തിന്റെ അഭിപ്രായം തിട്ടപ്പെടുത്തിയശേഷം, എടുക്കേണ്ട നടപടിയിൻമേൽ ആ സ്ഥാപനത്തെ ഉപദേശിക്കാവുന്നതുമാണ്.

(3) അങ്ങനെയുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലങ്ങളിൻമേൽ എടുക്കപ്പെടുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതോ എടുത്തതോ ആയ നടപടി, ഏതെങ്കിലും ഉണ്ടെങ്കിൽ, ക്ലിനിക്കൽ സ്ഥാപനം അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും അങ്ങനെയുള്ള റിപ്പോർട്ട് അതോറിറ്റി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സമയത്തിനകം നൽകേണ്ടതുമാണ്.

(4) ഒരു ന്യായമായ സമയത്തിനകം അതോറിറ്റിക്ക് തൃപ്തികരമായ നടപടി ക്ലിനിക്കൽ സ്ഥാപനം എടുക്കാതിരിക്കുന്നിടത്ത്, ക്ലിനിക്കൽ സ്ഥാപനം നൽകിയ ഏതെങ്കിലും വിശദീകരണമോ കൊടുത്ത നിവേദനമോ പരിഗണിച്ചശേഷം, ആ അതോറിറ്റിക്ക് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ, നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുള്ള അങ്ങനെയുള്ള സമയത്തിനകം, അതിന് പുറപ്പെടുവിക്കാവുന്നതും ക്ലിനിക്കൽ സ്ഥാപനം അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

പ്രവേശിക്കുന്നതിനുള്ള അധികാരം.

34. ഏതെങ്കിലും ആൾ ഒരു ക്ലിനിക്കൽ സ്ഥാപനം രജിസ്ട്രേഷനില്ലാതെ നടത്തിവരുന്നതായി സംശയിക്കുന്നതിന് ഏതെങ്കിലും കാരണമുണ്ടെങ്കിൽ അതോറിറ്റിക്കോ അത് പ്രാധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ ന്യായമായ ഏത് സമയത്തും പ്രവേശിക്കാവുന്നതും നിർണ്ണയിക്കപ്പെട്ട രീതിയിൽ സെർച്ച് നടത്താവുന്നതും പരിശോധനയ്ക്കോ

അന്വേഷണത്തിനോ ഉള്ള ന്യായമായ സൗകര്യങ്ങൾ ക്ലിനിക്കൽ സ്ഥാപനം നൽകേണ്ടതും അവിടെ പ്രതിനിധീകരിക്കപ്പെടുന്നതിന് അതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരാളും അപ്രകാരം ചെയ്യുന്നതിനുള്ള അയാളുടെ ഉദ്ദേശ്യത്തെക്കുറിച്ച് നോട്ടീസ് നൽകാതെ ക്ലിനിക്കൽ സ്ഥാപനത്തിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.

35. വിവിധ വിഭാഗങ്ങളിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന ഫീസുകൾ ചുമത്താവുന്നതാണ്. സംസ്ഥാന സർക്കാരിനാലുള്ള ഫീസ് ചുമത്തൽ.

36. (1) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് അല്ലെങ്കിൽ പുതുക്കുന്നത് നിരസിക്കുന്നതോ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതോ ആയ രജിസ്റ്ററിംഗ് അതോറിറ്റിയുടെ ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും, സംസ്ഥാന കൗൺസിൽ മുൻപാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്: അപ്പീൽ.

എന്നാൽ സമയത്ത് അപ്പീൽ ബോധിപ്പിക്കുന്നതിൽനിന്നും അപ്പീൽവാദി തടയപ്പെട്ടത് മതിയായ കാരണത്താലാണെന്ന് സംസ്ഥാന കൗൺസിലിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ നിർണ്ണയിക്കപ്പെട്ട കാലാവധി അവസാനിച്ചതിനു ശേഷം നൽകിയ ഒരു അപ്പീൽ അതിന് സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസിനോടൊപ്പവും നൽകേണ്ടതാണ്.

## അദ്ധ്യായം—V

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

37. (1) അതോറിറ്റി അത് സ്ഥാപിച്ചതുമുതൽ രണ്ട് വർഷങ്ങൾക്കകമുള്ള ഒരു കാലാവധിക്കുള്ളിൽ അത് രജിസ്റ്റർ ചെയ്ത ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഒരു രജിസ്റ്റർ സമാഹരിക്കുകയും പ്രസിദ്ധീകരിക്കുകയും ഡിജിറ്റൽ രൂപത്തിൽ വച്ചുപോരുകയും ചെയ്യേണ്ടതും അത് അപ്രകാരം നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും വച്ചുപോരേണ്ട ഒരു രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ.

(2) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി സ്ഥാപിച്ചിട്ടുള്ള മറ്റേതെങ്കിലും അധികാരസ്ഥാനമുൾപ്പെടെയുള്ള ഓരോ അധികാരസ്ഥാനവും, സംസ്ഥാനത്തെ രജിസ്റ്ററിംഗ് അതോറിറ്റി വച്ചുപോരുന്ന രജിസ്റ്ററുകളുമായി സംസ്ഥാന രജിസ്റ്റർ ക്രമമായി പരിഷ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് വേണ്ടി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററിൽ വരുത്തിയ ഓരോ ഉൾക്കുറിപ്പിന്റെയും ഒരു പകർപ്പ് ഡിജിറ്റൽ രൂപത്തിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന കൗൺസിലിന് ലഭ്യമാക്കേണ്ടതാണ്.

38. (1) ഓരോ സംസ്ഥാന സർക്കാരും ഡിജിറ്റലായും കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങുന്നതുമായ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്റർ എന്ന് അറിയപ്പെടേണ്ട ആ സംസ്ഥാനത്തെ ക്ലിനിക്കൽ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന ഒരു രജിസ്റ്റർ വച്ചുപോരേണ്ടതാണ്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്ററിന്റെ വച്ചുപോരൽ.

(2) ഓരോ സംസ്ഥാന സർക്കാരും ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്ററിന്റെ ഒരു പകർപ്പ് ഡിജിറ്റൽ രൂപത്തിൽ കേന്ദ്ര സർക്കാരിന് ലഭ്യമാക്കേണ്ടതും അങ്ങനെയുള്ള രജിസ്റ്ററിൽ ഒരു പ്രത്യേക മാസത്തിലേക്ക് വരുത്തിയ എല്ലാ കൂട്ടിച്ചേർക്കലുകളും മറ്റുള്ള ഭേദഗതികളും തുടർന്നുള്ള മാസത്തെ 15-ാമത്തെ ദിവസത്തോടെ കേന്ദ്ര സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ദേശീയ രജിസ്റ്ററിന്റെ വച്ചുപോരൽ.

39. കേന്ദ്ര സർക്കാർ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ദേശീയ രജിസ്റ്റർ എന്ന് വിളിക്കപ്പെടേണ്ട ഒരു അഖിലേന്ത്യാ രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ വച്ചുപോരേണ്ടതും അത് സംസ്ഥാന സർക്കാരുകൾ വച്ചുപോരുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്ററിന്റെ ഒരു സംയോജനം ആയിരിക്കേണ്ടതും അത് ഡിജിറ്റൽ രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്നതിന് ഇടയാക്കേണ്ടതുമാണ്.

## അദ്ധ്യായം—VI

## പിഴശിക്ഷകൾ

പിഴശിക്ഷ.

40. ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതൊരാളെയും, യാതൊരു പിഴശിക്ഷയും മറ്റൊരിടത്തും വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ആദ്യകുറ്റത്തിന് പതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ഏതെങ്കിലും രണ്ടാമത്തെ കുറ്റത്തിന് അൻപതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ഏതെങ്കിലും പിന്നീടുള്ള കുറ്റത്തിന് അഞ്ച് ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

രജിസ്റ്റർ ചെയ്യാതിരിക്കുന്നതിനുള്ള പണമായുള്ള പിഴശിക്ഷ.

41. (1) രജിസ്ട്രേഷനില്ലാതെ ഒരു ക്ലിനിക്കൽ സ്ഥാപനം നടത്തുന്ന ഏതൊരാളും, ആദ്യത്തെ ഉല്ലംഘനത്തിന് അൻപതിനായിരം രൂപവരെയുള്ള പണമായുള്ള ഒരു പിഴശിക്ഷയ്ക്കും രണ്ടാമത്തെ ഉല്ലംഘനത്തിന് രണ്ട് ലക്ഷം രൂപവരെയാകാവുന്ന പണമായുള്ള ഒരു പിഴശിക്ഷയ്ക്കും ഏതെങ്കിലും പിന്നീടുള്ള ഉല്ലംഘനത്തിന് അഞ്ച് ലക്ഷം രൂപവരെയാകാവുന്ന പണമായുള്ള ഒരു പിഴശിക്ഷയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം യഥാവിധി രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽ അറിഞ്ഞുകൊണ്ട് സേവനം അനുഷ്ഠിക്കുന്ന ഏതൊരാളും ഇരുപത്തി അയ്യായിരം രൂപവരെയാകാവുന്ന പണമായുള്ള ഒരു പിഴശിക്ഷയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം ന്യായനിർണ്ണയം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി, ബന്ധപ്പെട്ട ഏതെങ്കിലും ആൾക്ക് പറയുവാനുള്ളത് പറയുവാനുള്ള ന്യായമായ ഒരു അവസരം നൽകിയശേഷം ഏതെങ്കിലും പണമായുള്ള പിഴശിക്ഷ ചുമത്തുന്നതിന്റെ ആവശ്യത്തിലേക്കായി അതോറിറ്റി ഒരു അന്വേഷണവിചാരണ നടത്തേണ്ടതാണ്.

(4) ഒരു അന്വേഷണവിചാരണ നടത്തുമ്പോൾ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും നേരിട്ട് അറിയാവുന്ന ഏതെങ്കിലും ആളെ അതോറിറ്റിയുടെ അഭിപ്രായത്തിൽ അന്വേഷണവിചാരണയുടെ വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആയേക്കാവുന്ന തെളിവ് നൽകുന്നതിനായോ ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനായോ സമൺ ചെയ്യുന്നതിനും

ഹാജരാക്കിക്കുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള അന്വേഷണവിചാരണയിൽ (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ അയാൾ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, ആ ഉപവകുപ്പുകളിൽ നിർദ്ദേശിച്ചിട്ടുള്ള, 42-ാം വകുപ്പ് (8)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കൗണ്ടിൽ ഉത്തരവ് മുതൽ മുപ്പത് ദിവസങ്ങൾക്കകം നിക്ഷേപിക്കപ്പെടേണ്ട, പണമായുള്ള പിഴശിക്ഷ അതിന് ഉത്തരവിലൂടെ ചുമത്താവുന്നതാണ്.

(5) പണമായുള്ള പിഴശിക്ഷയുടെ പരിമാണം തീരുമാനിക്കുമ്പോൾ, ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗവും വലിപ്പവും തരവും സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ തദ്ദേശാവസ്ഥകളും കണക്കിലെടുക്കേണ്ടതാണ്.

(6) അതോറിറ്റിയുടെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക് പ്രസ്തുത തീരുമാനത്തിന്റെ തീയതി മുതൽ മൂന്ന് മാസങ്ങൾക്കകമുള്ള ഒരു കാലാവധിയ്ക്കുള്ളിൽ സംസ്ഥാന കൗൺസിലിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(7) (6)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട അപ്പീൽ ഫയൽ ചെയ്യുന്ന രീതി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

നിർദ്ദേശം അനുസരിക്കാതിരിക്കലും വിവരം തടസ്സപ്പെടുത്തലും നിരസിക്കലും.

42. (1) ഈ ആക്റ്റ് പ്രകാരം അങ്ങനെയുള്ള നിർദ്ദേശം നൽകുന്നതിന് അധികാരം നൽകപ്പെട്ട ഏതെങ്കിലും ആളോ അധികാരസ്ഥാനമോ നിയമാനുസരണം നൽകിയ ഏതെങ്കിലും നിർദ്ദേശം മനഃപൂർവ്വം അനുസരിക്കാതിരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആളെയോ അധികാരസ്ഥാനത്തെയോ അങ്ങനെയുള്ള ആളോ അധികാരസ്ഥാനമോ ഈ ആക്റ്റിൻ കീഴിൽ നിർവ്വഹിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതോ പ്രാധികാരപ്പെടുത്തപ്പെട്ടതോ ആയ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നത് തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും, അഞ്ച് ലക്ഷം രൂപവരെയാകാവുന്ന പണമായുള്ള ഒരു പിഴശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിനാലോ അതിൻകീഴിലോ ഏതെങ്കിലും വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരിക്കെ, അങ്ങനെയുള്ള വിവരം മനഃപൂർവ്വം നൽകാതിരിക്കുകയോ വ്യാജമാണെന്ന് അയാൾക്ക് അറിയാവുന്നതോ സത്യമാണെന്ന് അയാൾ വിശ്വസിക്കാത്തതോ ആയ വിവരം നൽകുകയോ ചെയ്യുന്ന ഏതൊരാളും അഞ്ച് ലക്ഷം രൂപവരെയാകാവുന്ന പണമായുള്ള ഒരു പിഴശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം ന്യായനിർണ്ണയം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി, ബന്ധപ്പെട്ട ഏതെങ്കിലും ആൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയ ശേഷം ഏതെങ്കിലും പണമായുള്ള പിഴശിക്ഷ ചുമത്തുന്നതിന്റെ ആവശ്യത്തിന് അതോറിറ്റി നിർണ്ണയിക്കപ്പെട്ട രീതിയിൽ ഒരു അന്വേഷണവിചാരണ നടത്തേണ്ടതാണ്.

(4) ഒരു അന്വേഷണവിചാരണ നടത്തുമ്പോൾ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും നേരിട്ട് അറിയാവുന്ന ഏതെങ്കിലും ആളെ അതോറിറ്റിയുടെ അഭിപ്രായത്തിൽ അന്വേഷണവിചാരണയുടെ വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആയേക്കാവുന്ന തെളിവ് നൽകുന്നതിനായോ ഏതെങ്കിലും രേഖകൾ ഹാജരാക്കുന്നതിനായോ സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള അന്വേഷണവിചാരണയിൽ (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ അയാൾ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, ആ ഉപവകുപ്പുകളിൽ നിർദ്ദേശിച്ചിട്ടുള്ള 42-ാം വകുപ്പ് (8)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കൗണ്ടിൽ ഉത്തരവ് മുതൽ മുപ്പത് ദിവസങ്ങൾക്കകം നിക്ഷേപിക്കപ്പെടേണ്ട, പണമായുള്ള പിഴശിക്ഷ അതിന് ഉത്തരവിലൂടെ ചുമത്താവുന്നതാണ്.

(5) പണമായുള്ള പിഴശിക്ഷയുടെ പരിമാണം തീരുമാനിക്കുമ്പോൾ, ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗവും വലിപ്പവും തരവും സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ തദ്ദേശാവസ്ഥകളും കണക്കിലെടുക്കേണ്ടതാണ്.

(6) അതോറിറ്റിയുടെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക് പ്രസ്തുത തീരുമാനത്തിന്റെ തീയതി മുതൽ മൂന്ന് മാസങ്ങൾക്കകമുള്ള ഒരു കാലാവധിക്കുള്ളിൽ സംസ്ഥാന കൗൺസിലിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(7) (6)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട അപ്പീൽ ഫയൽ ചെയ്യുന്ന രീതി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(8) 41-ഉം 42-ഉം വകുപ്പുകൾ പ്രകാരം ഈടാക്കിയ പണമായുള്ള പിഴശിക്ഷ ഇതിലേക്കായി സംസ്ഥാന സർക്കാർ ഉത്തരവിനാൽ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

ചെറിയ അപര്യാപ്തതകൾക്കുള്ള പിഴശിക്ഷ.

43. ഏതെങ്കിലും രോഗിയുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും ഏതെങ്കിലും ആസന്നമായ അപകടം പ്രകടമാക്കാത്തതും ഒരു ന്യായമായ സമയത്തിനകം പരിഹരിക്കുവാൻ കഴിയുന്നതുമായ അപര്യാപ്തതകളിൽ പരിണമിക്കുംവിധം ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതൊരാളും പതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

കമ്പനികളാലുള്ള ഉല്ലംഘനം.

44. (1) ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ ഏതെങ്കിലും വ്യവസ്ഥയുടെ ഉല്ലംഘനം നടത്തുന്ന ഒരാൾ ഒരു കമ്പനിയായിരിക്കുന്നിടത്ത്, ഉല്ലംഘനം നടത്തിയ സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ് ഉണ്ടായിരുന്നതും ഉത്തരവാദിയായിരുന്നതുമായ ഓരോ ആളും അതുപോലെ തന്നെ കമ്പനിയും, ഉല്ലംഘനത്തിന് അപരാധിയായി കരുതപ്പെടേണ്ടതും പിഴയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ, ഉല്ലംഘനം നടത്തപ്പെട്ടത് അയാളുടെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള ഉല്ലംഘനമുണ്ടാകുന്നത് തടയുവാൻ അയാൾ വേണ്ട എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ ഏതെങ്കിലും വ്യവസ്ഥയുടെ ഒരു ഉല്ലംഘനം ഒരു കമ്പനിയാൽ നടത്തിയിരിക്കുകയും ഉല്ലംഘനം നടന്നിട്ടുള്ളത് കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടുകൂടിയോ ചെയ്തിട്ടുള്ളതാണെന്നോ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് ആരോപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ ഉല്ലംഘനത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും പിഴയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

<u>വിശദീകരണം.</u>—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും ഒരു ഫേമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം, ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതുമാണ്.

സർക്കാർ വകുപ്പുകളാലുള്ള കുറ്റങ്ങൾ.

45. (1) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് ശേഷം ആറ് മാസത്തെ ഒരു കാലാവധിക്കുള്ളിൽ ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഏതെങ്കിലും സർക്കാർ വകുപ്പ് ചെയ്തിട്ടുള്ളിടത്ത്, വകുപ്പ് മേധാവി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള വകുപ്പ് മേധാവിയെ, കുറ്റം ചെയ്യപ്പെട്ടത് അയാളുടെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയുവാൻ അയാൾ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം സർക്കാരിന്റെ ഒരു വകുപ്പ് ചെയ്തിരിക്കുകയും ആ കുറ്റം വകുപ്പ് മേധാവി ഒഴികെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടെയോ മൗനാനുവാദത്തോടുകൂടിയോ ചെയ്തിട്ടുള്ളതാണെന്നോ അയാളുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് ആരോപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ കൂടി ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

പിഴ വസൂലാക്കൽ.

46. പിഴ അടയ്ക്കുവാൻ വീഴ്ച വരുത്തുന്നത് ആരായാലും, അങ്ങനെയുള്ള ആളിൽ നിന്നും കിട്ടാനുള്ള പിഴ വിനിർദ്ദേശിക്കുന്ന, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന കൗൺസിൽ പ്രാധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ ഒപ്പിട്ട ഒരു സർട്ടിഫിക്കറ്റ് അതിന് തയ്യാറാക്കാവുന്നതും അങ്ങനെയുള്ള ആളിന് ഏതെങ്കിലും വസ്തു സ്വന്തമായുള്ളതോ അയാൾ താമസിക്കുന്നതോ അയാളുടെ ബിസിനസ് നടത്തുന്നതോ ആയ ജില്ലയുടെ കളക്ടർക്ക് അത് അയയ്ക്കാവുന്നതും അങ്ങനെയുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന്മേൽ, പ്രസ്തുത കളക്ടർ, അതിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള തുക, ഭൂനികുതിയുടെ ഒരു കുടിശ്ശികയെന്നതുപോലെ അങ്ങനെയുള്ള ആളിൽ നിന്നും വസൂലാക്കുന്നതിന് നടപടിയെടുക്കേണ്ടതുമാണ്.

## അദ്ധ്യായം—VII

## പലവക

ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.

47. (1) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച്, ഏതെങ്കിലും അധികാരസ്ഥാനത്തിനോ ദേശീയ കൗൺസിലിന്റെയോ സംസ്ഥാന കൗൺസിലിന്റെയോ ഏതെങ്കിലും അംഗത്തിനോ ഇതിലേക്കായി പ്രാധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും വഴി ഉണ്ടായതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിനോ നാശനഷ്ടത്തിനോ ഒരു സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

റിട്ടേണുകൾ മുതലായവ നൽകണമെന്ന്.

48. ഓരോ ക്ലിനിക്കൽ സ്ഥാപനവും, അതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലോ അങ്ങനെയുള്ള ദീർഘിപ്പിക്കപ്പെട്ട സമയത്തിനുള്ളിലോ, സംസ്ഥാന സർക്കാരിനാൽ കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അങ്ങനെയുള്ള റിട്ടേണുകളും അല്ലെങ്കിൽ സ്ഥിതിവിവരക്കണക്കുകളും മറ്റ് വിവരവും അധികാരസ്ഥാനത്തിനോ സംസ്ഥാന കൗൺസിലിനോ ദേശീയ കൗൺസിലിനോ നൽകേണ്ടതാണ്.

നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം.

49. ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗംവരാതെ, റിട്ടേണുകളും സ്ഥിതിവിവരക്കണക്കുകളും ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ശരിയായ പ്രവർത്തനത്തിനുള്ള മറ്റ് വിവരവും നൽകുന്നതുൾപ്പെടെയുള്ള അങ്ങനെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ ബന്ധിക്കുന്നവയായിരിക്കുന്നതുമാണ്.

50. അതോറിറ്റിയുടെയും ദേശീയ കൗൺസിലിന്റെയും സംസ്ഥാന കൗൺസിലിന്റെയും ഓരോ ജീവനക്കാരനും ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതുമ്പോഴോ, ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിലെ പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്. അതോറിറ്റിയുടെ ജീവനക്കാർ മുതലായവർ പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.

51. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുകയാണെങ്കിൽ, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്താവുന്ന ഉത്തരവ് വഴി ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്: വൈഷമ്യങ്ങൾ നീക്കം ചെയ്യുവാനുള്ള അധികാരം.

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ രണ്ട് വർഷത്തെ ഒരു കാലാവധി കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പ് പ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയ ശേഷം, ആകുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

52. (1) കേന്ദ്ര സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ദേശീയ കൗൺസിലിന്റെ അംഗങ്ങൾക്കുള്ള ബത്തകൾ;

(ഖ) 3-ാം വകുപ്പ് (10)-ാം ഉപവകുപ്പ് പ്രകാരം കേന്ദ്ര സർക്കാരിനാൽ സംസ്ഥാന കൗൺസിലിന്റെ സെക്രട്ടറിയായി അങ്ങനെയുള്ള ആളുടെ നിയമനം;

(ഗ) 7-ാം വകുപ്പ് പ്രകാരം മാനദണ്ഡങ്ങളുടെ നിർണ്ണയവും ക്ലിനിക്കൽ സ്ഥാപനങ്ങളുടെ തരം തിരിക്കലും;

(ഘ) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡപ്രകാരമുള്ള അതോറിറ്റിയുടെ അംഗങ്ങൾക്കുവേണ്ടിയുള്ള യോഗ്യതയും നിബന്ധനകളും ഉപാധികളും;

(ങ) 10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷന്റെ ആവശ്യത്തിനുവേണ്ടി ജില്ലാ ഹെൽത്ത് ഓഫീസറോ ചീഫ് മെഡിക്കൽ ഓഫീസറോ അതോറിറ്റിയുടെ അധികാരങ്ങൾ ഏത് നടപടിക്രമത്തിൻകീഴിൽ വിനിയോഗിക്കാമെന്ന്;

(ച) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡ പ്രകാരം സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ;

(ഛ) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ii)-ാം ഖണ്ഡപ്രകാരം ഏറ്റവും കുറഞ്ഞ എണ്ണം ജോലിക്കാർ;

(ജ) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (iii)-ാം ഖണ്ഡപ്രകാരം ക്ലിനിക്കൽ സ്ഥാപനത്താലുള്ള രേഖകളുടെ വച്ചുപോരലും റിപ്പോർട്ട് ചെയ്യലും;

(ഝ) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (iv)-ാം ഖണ്ഡപ്രകാരം ക്ലിനിക്കൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷനും തുടർച്ചയ്ക്കുമുള്ളതായ മറ്റ് ഉപാധികൾ;

(ഞ) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനത്തിന്റെ തരം തിരിക്കൽ;

(ട) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ തരം തിരിക്കലിനുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ;

(ഠ) 28-ാം വകുപ്പ് പ്രകാരം സ്ഥിരം രജിസ്ട്രേഷനുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ;

(ഡ) 38-ാം വകുപ്പ് പ്രകാരം വച്ചുപോരേണ്ട രജിസ്റ്ററിന്റെ മാതൃകയും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും.

ചട്ടങ്ങളുടെ വയ്ക്കൽ.

53. ഈ ആക്റ്റിൻകീഴിൽ കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയ ശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുൻപാകെ, ഒരു സമ്മേളനത്തിലോ രണ്ടോ അതിലധികമോ തുടർച്ചയായ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ്, ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം.

54. (1) സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴി, 52-ാം വകുപ്പിന്റെ പരിധിക്കുള്ളിൽ വരാത്ത കാര്യങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷനുള്ള മാതൃകാ ഫാറവും അടയ്ക്കേണ്ട ഫീസും;

(ഖ) 14-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷയുടെ മാതൃകയും വിശദാംശങ്ങളും;

(ഗ) 15-ാം വകുപ്പ് പ്രകാരം താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ അടങ്ങിയിട്ടുള്ള വിവരണങ്ങളും വിവരവും;

(ഘ) 16-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്നതിന് നിർദ്ദേശിക്കപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ എല്ലാ വിവരങ്ങളുടെയും പ്രസിദ്ധീകരണത്തിന്റെ രീതി;

(ങ) 19-ാം വകുപ്പ് പ്രകാരം ഒരു ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് അടയ്ക്കേണ്ട ഫീസ്;

(ച) 20-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനം അധികാരസ്ഥാനത്തെ അറിയിക്കേണ്ട ഉടമസ്ഥതയുടെയോ മാനേജ്മെന്റിന്റെയോ മാറ്റം;

(ഛ) 21-ാം വകുപ്പ് പ്രകാരം രജിസ്ട്രേഷൻ അവസാനിച്ച ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പേരുകൾ അതോറിറ്റി പ്രസിദ്ധീകരിക്കേണ്ട രീതി;

(ജ) 22-ാം വകുപ്പ് പ്രകാരം താൽക്കാലിക രജിസ്ട്രേഷൻ അവസാനിച്ചശേഷം പുതുക്കുന്നതിന് ചുമത്തപ്പെടേണ്ട വർദ്ധിപ്പിച്ച ഫീസ്;

(ഝ) 24-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷയുടെ ഫാറവും സംസ്ഥാന സർക്കാർ ചുമത്തേണ്ട ഫീസും;

(ഞ) 25-ാം വകുപ്പ് പ്രകാരം ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിച്ചിട്ടുണ്ടെന്നതിന്റെ തെളിവ് സമർപ്പിക്കുന്നതിന്റെ രീതി;

(ട) 26-ാം വകുപ്പ് പ്രകാരം ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിച്ചിട്ടുണ്ടെന്ന വിവരം ആക്ഷേപങ്ങൾ ഫയൽ ചെയ്യുന്നതിനായി പ്രദർശിപ്പിക്കുന്നതിന്റെ രീതി;

(ഠ) 29-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലാവധിയുടെ അവസാനിക്കൽ;

(ഡ) 30-ാം വകുപ്പ് പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മാതൃകയും വിവരണവും;

(ഢ) 32-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം ഏത് കാലാവധിക്കുള്ളിൽ ഒരു അപ്പീൽ ബോധിപ്പിക്കണമെന്ന്;

(ണ) 34-ാം വകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിന്റെയും സെർച്ചിന്റെയും രീതി;

(ത) 35-ാം വകുപ്പ് പ്രകാരം വിവിധ വിഭാഗങ്ങളിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ ചുമത്തേണ്ട ഫീസ്;

(ഥ) 36-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഏത് രീതിയിലും ഏതു കാലാവധിക്കുള്ളിലും സംസ്ഥാന കൗൺസിലിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണെന്ന്;

(ദ) 36-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പീലിനുള്ള മാതൃകയും അടയ്ക്കേണ്ട ഫീസും;

(ധ) 37-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഏത് മാതൃകയിലും രീതിയിലും ഒരു രജിസ്റ്റർ വച്ചുപോരണമെന്ന്;

(ന) 37-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററിൽ വരുത്തിയ ഉൾക്കുറിപ്പുകൾ ഡിജിറ്റൽ രൂപത്തിൽ സംസ്ഥാന കൗൺസിലിന് ലഭ്യമാക്കുന്ന രീതി;

(പ) 41-ഉം 42-ഉം വകുപ്പുകളുടെ (3)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റി ഒരു അന്വേഷണ വിചാരണ നടത്തുന്നതിന്റെ രീതി;

(ഫ) 41-ഉം 42-ഉം വകുപ്പുകളുടെ (7)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിന്റെ രീതി;

(ബ) 48-ാം വകുപ്പ് പ്രകാരം അതോറിറ്റിക്കോ സംസ്ഥാന കൗൺസിലിനോ ദേശീയ കൗൺസിലിനോ, അതതുസംഗതിപോലെ, ഏത് രീതിയിലും ഏത് സമയത്തിനുള്ളിലുമാണ് വിവരം നൽകേണ്ടതെന്ന്;

(ഭ) സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടുവാൻ ആവശ്യപ്പെട്ടിട്ടുള്ളതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

ചട്ടങ്ങളുടെ വയ്ക്കൽ.

55. ഈ വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കിയശേഷം ആകുന്നത്ര വേഗത്തിൽ, സംസ്ഥാന നിയമനിർമ്മാണമണ്ഡലം രണ്ട് സഭകൾ അടങ്ങിയതായിരിക്കുന്നിടത്ത് ഓരോ സഭയുടെയും മുൻപാകെയും, അല്ലെങ്കിൽ അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലം ഒരു സഭ മാത്രം അടങ്ങിയതായിരിക്കുന്നിടത്ത് ആ സഭയുടെ മുൻപാകെയും വയ്ക്കേണ്ടതാണ്.

ഒഴിവാക്കലുകൾ.

56. (1) പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള അധിനിയമങ്ങൾ ബാധകമായിരിക്കുന്നതായ സംസ്ഥാനങ്ങൾക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല:

എന്നാൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അധിനിയമങ്ങൾ ബാധകമായിരിക്കുന്ന സംസ്ഥാനങ്ങളിൽ, അങ്ങനെയുള്ള സംസ്ഥാനങ്ങൾ ഈ ആക്റ്റിന്റെ പ്രാരംഭത്തിന് ശേഷം ഭരണഘടനയുടെ 252-ാം അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡപ്രകാരം ഈ ആക്റ്റ് സ്വീകരിക്കുമ്പോഴും അങ്ങനെയുള്ള സ്വീകരിക്കലിന് ശേഷം ഈ ആക്റ്റിലെ വ്യവസ്ഥകൾ ആ സംസ്ഥാനത്ത് ബാധകമാകുന്നതാണ്.

(2) കേന്ദ്രസർക്കാരിന്, ആവശ്യമെന്ന് കരുതുമ്പോഴെല്ലാം, വിജ്ഞാപനം വഴി, പട്ടിക ഭേദഗതി ചെയ്യാവുന്നതാണ്.

## പട്ടിക

(56-ാം വകുപ്പ് കാണുക)

1. ദി ആന്ധ്രാപ്രദേശ് പ്രൈവറ്റ് മെഡിക്കൽ കെയർ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആന്റ് റെഗുലേഷൻ) ആക്റ്റ്, 2002.
2. ദി ബോംബെ നഴ്സിംഗ് ഹോംസ് രജിസ്ട്രേഷൻ ആക്റ്റ്, 1949.
3. ദി ഡൽഹി നഴ്സിംഗ് ഹോംസ് രജിസ്ട്രേഷൻ ആക്റ്റ്, 1953.
4. ദി മദ്ധ്യപ്രദേശ് ഉപചാര്യ ഗൃഹ തഥാ രുജോപ്ചാർ സൻബബ്ദു സ്ഥാപാമൗ (രജിസ്ട്രികാരൻ തഥാ അനുഗ്യാപൻ) അധിനിയമ്, 1973.
5. ദി മണിപ്പൂർ ഹോംസ് ആന്റ് ക്ലിനിക്സ് രജിസ്ട്രേഷൻ ആക്റ്റ്, 1992.
6. ദി നാഗാലാന്റ് ഹെൽത്ത് കെയർ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റ്, 1997.
7. ദി ഒറീസ്സ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (കൺട്രോൾ ആന്റ് റെഗുലേഷൻ) ആക്റ്റ്, 1990.
8. ദി പഞ്ചാബ് സ്റ്റേറ്റ് നഴ്സിംഗ് ഹോം രജിസ്ട്രേഷൻ ആക്റ്റ്, 1991.
9. ദി വെസ്റ്റ് ബംഗാൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റ്, 1950.